ഉത്തരം

(എ) അടച്ചു പൂട്ടിയ ബാറുകളിലെല്ലാംകൂടി കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം 365 ആണ്.

(ബി) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത 365 തൊഴിലാളികളുടെ എണ്ണം മാത്രമേ തൊഴിൽ വകുപ്പിൽ ലഭ്യമുള്ളൂ.

(സി&ഡി) ബാറുകൾ അടച്ചുപൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി തൊഴിൽ വകുപ്പിൽ പദ്ധതികൾ ഒന്നും നിലവിലില്ല.

പത്ര ജീവനക്കാരുടെ ശമ്പള കമ്മീഷൻ ശിപാർശകൾ

233 (941) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്ര ജീവനക്കാരുടെ ശമ്പളകമ്മീഷൻ ശിപാർശകൾ നടപ്പാക്കുന്നതിൽ വിമുഖത കാണിക്കുന്ന പത്രമാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പത്ര വ്യവസായത്തിലെ ശമ്പള പരിഷ്കരണത്തിനുള്ള മജീദിയ വേജ് ബോർഡ് ശിപാർശകൾ അട്ടിമറിക്കുന്ന പത്രമുടമയ്ക്ക് തൊഴിൽ വകുപ്പ് കൂട്ടുനിൽക്കുന്നതായ പത്രപ്രവർത്തക യൂണിയന്റെ ആരോപണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) വൻതോതിൽ വരുമാനവും ലാഭവുമുള്ള പത്രസ്ഥാപനങ്ങൾ പോലും ശമ്പള കമ്മീഷൻ ശിപാർശകൾ നടപ്പാക്കാതെ തൊഴിലാളി വിരുദ്ധ നടപടികൾ ശക്തമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ പത്ര സ്ഥാപനങ്ങളിലും മജീദിയ വേജ് ബോർഡ് ശിപാർശ പ്രകാരമുള്ള വേതനം നടപ്പിലാക്കുന്നതിനും അല്ലാത്തപക്ഷം നിയമനടപടികൾ സ്വീകരിക്കുന്നതിനുമായി തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസർമാർ പത്രസ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ പത്രസ്ഥാപന ഉടമകൾ, പത്രപ്രവർത്തക യൂണിയൻ പ്രതിനിധികൾ, വേജ് ബോർഡ് മോണിറ്ററിംഗ് കമ്മിറ്റി ഇവ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ ഭേദഗതി

234 (942) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ ഭേദഗതി വരുത്തി സർക്കാർ ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ജീവനക്കാർക്ക് അവധി, താമസ സൗകര്യങ്ങൾ, പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ആവശ്യമായ വിശ്രമം അനുവദിക്കൽ എന്നീ കാര്യങ്ങളിൽ നിയമ ഭേദഗതിക്ക് ശേഷം എന്തെങ്കിലും പുരോഗതി കൈവന്നതായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ ;

(സി) നിയമം നിലവിൽ വന്നതിനുശേഷവും നിയമ വ്യവസ്ഥകൾ പാലിക്കാത്ത ഏതെങ്കിലും സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആർക്കൊക്കെ എതിരെയാണ് നടപടികൾ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ ഭേദഗതി വരുത്തി 29-8-2014 തീയതിയിൽ സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാരുടെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്, നിയമന ശിപാർശ കത്ത്, സർവ്വീസ് സർട്ടിഫിക്കറ്റ്, താമസസൗകര്യം കൂടാതെ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ പിഴ ഈടാക്കുക എന്നീ കാര്യങ്ങളിൽ നിയമഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്.

(സി) ഓർഡിനൻസിലെ വ്യവസ്ഥകൾ നടപ്പിലാക്കിവരുന്നു. നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് തൊഴിലുടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly